(ഇ) 1999 മേയ് അവസാനവും ജൂൺ ആദ്യത്തിലുമുണ്ടായ പ്രളയക്കെടുതികാലത്ത് സംസ്ഥാനത്തെ മത്സ്യബന്ധനമേഖലയിൽ പ്രസ്തുത ധനസഹായപദ്ധതിപ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(എഫ്) കാലവർഷക്കെടുതിക്കാലത്ത് എന്തു തുകയുടെ ധനസഹായമാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) കാലവർഷക്കെടുതിക്കാലത്ത് നൽകിവരുന്ന ധനസഹായ പദ്ധതിയുടെ നടത്തിപ്പ് കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് നേരിട്ട് ധനസഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ മത്സ്യഫെഡ്, മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡ് എന്നിവ വഴി കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നുണ്ട്.

(ബി) മത്സ്യഫെഡ്, മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡ് എന്നിവയുടെ ചെയർമാൻമാരുടെ റിലീഫ് ഫണ്ടിൽ നിന്നും പരമാവധി 2500 രൂപ വരെ നൽകുന്നു.

(സി) മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് രോഗം, അപകടം, മരണം, പ്രകൃതിക്ഷോഭംമൂലം വീടിന് നാശനഷ്ടങ്ങൾ സംഭവിക്കൽ മുതലായവയാണ് ചെയർമാൻസ് റിലീഫ് ഫണ്ടിൽനിന്നും ധനസഹായം നൽകുന്നത്.

1985-ലെ കേരള മത്സ്യത്തൊഴിലാളിക്ഷേമനിധി നിയമത്തിൽ നിർവചിക്കപ്പെടുകയും മത്സ്യത്തൊഴിലാളിക്ഷേമനിധിയിൽ അംഗമാക്കുകയും ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ചെയർമാൻസ് റിലീഫ് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നു.

(ഡി) മത്സ്യഫെഡിൽനിന്നും 226 പേർക്കും ക്ഷേമനിധി ബോർഡിൽ നിന്നും 565 പേർക്കും സഹായം നൽകി.

(ഇ) മത്സ്യഫെഡ് ചെയർമാന്റെ റിലീഫ് ഫണ്ടിൽനിന്നും 20500 രൂപയുടെയും ക്ഷേമനിധിബോർഡ് ചെയർമാന്റെ റിലീഫ് ഫണ്ടിൽ നിന്നും 17115 രൂപയുടെയും ധനസഹായം വിതരണം ചെയ്തു.

(എഫ്) 'ബി' വിഭാഗത്തിനുള്ള ഉത്തരം കണ്ടാലും.

(ജി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(3450) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെയും മത്സ്യവിപണനവുമായി ബന്ധപ്പെട്ടവരുടെയും ജീവിതനിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1996-97, 1997-98, 1998-99 സാമ്പത്തികവർഷങ്ങളിൽ ഈ ഇനത്തിൽ എത്ര തുക വകയിരുത്തിയെന്നും അതിൽ എന്തു തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. †

(ബി) വിശദവിവരങ്ങൾ അനുബന്ധം-2 ൽ ചേർത്തിരിക്കുന്നു. †

(സി) പദ്ധതി നടത്തിപ്പിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ബഡ്ജറ്റ് വിഹിതം യഥാസമയം ജില്ലകൾക്ക് അനുവദിച്ചു നൽകിയും വിവിധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നു.

(3451) നെൽക്കൃഷിയുമായി സംയോജിപ്പിച്ച് മത്സ്യക്കൃഷി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യക്കൃഷിയും നെൽക്കൃഷിയും സംയോജിപ്പിക്കുന്ന പദ്ധതി കോഴിക്കോട് ജില്ലയിലെ തിക്കൊടി-തുറയൂർ, കീഴരിയൂർ, മൂടാടി പഞ്ചായത്തുകളുമായി ബന്ധപ്പെട്ട 1500 ഏക്കർ സ്ഥലത്ത് നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ തിക്കൊടി-തുറയൂർ, കീഴരിയൂർ, മൂടാടി എന്നിവിടങ്ങളിൽ മത്സ്യക്കൃഷിയും നെൽക്കൃഷിയും സംയോജിപ്പിച്ച് കൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വിശദമായി പഠിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3453) മത്സ്യക്കൃഷിക്കായി കുളങ്ങൾ പാട്ടത്തിന് എടുക്കുവാനുള്ള വ്യവസ്ഥകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദുറബ് :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly